**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2189 | 04.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **നേർവഴി പദ്ധതി** | |
| ചോദ്യം | മറുപടി |
| **ശ്രീ.സണ്ണി ജോസഫ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഏതുവർഷം മുതലാണ് നേർവഴി പദ്ധതി പ്രവർത്തനം ആരംഭിച്ചതെന്നും ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | എ) സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രധാന സാമൂഹ്യ നിയമമാണ് Probation of Offenders Act - 1958. കുറ്റകൃത്യങ്ങളെ പ്രതിരോധിക്കാനുള്ള സ്ഥാപനേതര സമ്പ്രദായം എന്ന നിലയിലും, കുറ്റവാളികളിൽ ഗുണകരമായ സ്വഭാവ മാറ്റം വരുത്തുവാൻ ഉതകുന്ന മാനുഷികവും, ശാസ്ത്രീയവുമായ സമീപനരീതി എന്ന നിലയിലും, പ്രൊബേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി രൂപം നൽകിയ നേർവഴി പദ്ധതി 2014-15 മുതൽ നടപ്പിലാക്കി വരുന്നു. നേർവഴി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) നല്ലനടപ്പിനു അനുയോജ്യരായ കുറ്റാരോപിതരെ കണ്ടെത്തുക.<br>2) നല്ലനടപ്പിലൂടെ ഒരാളെ പരിവർത്തനപ്പെടുത്തുവാൻ കഴിയുന്നതാണോയെന്നു വ്യക്തമാക്കാൻ ഉതകുന്ന സമഗ്ര അന്വേഷണറിപ്പോർട്ടുകൾ കോടതികളിൽ എത്തിക്കുക.<br>3) തെരഞ്ഞെടുക്കുന്ന കുറ്റവാളികൾക്കും, |

| | |
|---|---|
| | കുറ്റാരോപിതർക്കും, ആവശ്യമാകുന്ന സമയത്ത് മനഃശാസ്ത്രപരമായ ഇടപെടൽ നടത്തുക.<br>4) നല്ലനടപ്പിലുള്ളവരുടെ സാമൂഹ്യ പുനരേകീകരണം സാധ്യമാക്കാനുതകുന്ന ജീവിത മാർഗ്ഗങ്ങൾ കണ്ടെത്തികൊടുക്കുന്നതിനായി കൃത്യമായ മേൽനോട്ടം സാധ്യമാക്കുക.<br>5) നല്ലനടപ്പിലുള്ളവർ വീണ്ടും കുറ്റകൃത്യത്തിൽ പ്പെടുന്നതിനെ ഒഴിവാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുക.<br>6) ജയിലുകളിലെ ആൾപ്പെരുപ്പം കുറയ്ക്കുക.<br>7) ക്രിമിനൽ ജസ്റ്റിസ് സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുക. |
| ബി) ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദമാക്കുമോ; | ബി) ഇതിലേയ്ക്കായി പുതിയതായി സർക്കാർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതാണ്. എന്നാൽ ടി പദ്ധതിയ്ക്കായി 14 ജില്ലകളിലേയ്ക്കും 14 പ്രൊബേഷൻ അസിസ്റ്റന്റ്മാരെ 20,000/-രൂപ വീതം ഓണറേറിയം നൽകി കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ നടപ്പ സാമ്പത്തിക വർഷം എല്ലാ ജില്ലകളിലും, 5 വീതം വോളണ്ടറി സോഷ്യൽ വർക്കർമാരെ അവർ നിർവഹിക്കുന്ന സേവനങ്ങൾക്ക് ആനുപാതികമായി പരമാവധി 5000/- രൂപ ഓണറേറിയം നിശ്ചയിച്ച കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനു അനുമതി നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത പദ്ധതി നിലവിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷവും എത്ര രൂപ ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ; | സി) നേർവഴി പദ്ധതിയ്ക്കായി ഇതുവരെ ചെലവഴിച്ച തുകയുടെ വിവരം, ചുവടെ ചേർക്കുന്നു. |

| | |
|---|---|
| | Details of Expenditure<br><br>\| \| Year \| Expenditure \|<br>Pilot phase \| 2014-15 \| 9,60,000/-<br>1 phase \| 2017-18 \| 8,42,667/-<br>II Phase \| 2018-19 \| 11,23,400/-<br>III&IV phase \| 2019-20 \| 30,79,300/-<br>Total \| \| 60,05,367/- |
| ഡി) സംസ്ഥാനത്ത് ഈ പദ്ധതിയുടെ പ്രവർത്തനംകൊണ്ട് എത്ര പേർക്ക് പ്രയോജനം ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ? | ഡി) ജില്ല തിരിച്ചുള്ള നിലവിലെ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

Details of Expenditure

| | Year | Expenditure |
|---|---|---|
| Pilot phase | 2014-15 | 9,60,000/- |
| 1 phase | 2017-18 | 8,42,667/- |
| II Phase | 2018-19 | 11,23,400/- |
| III&IV phase | 2019-20 | 30,79,300/- |
| Total | | 60,05,367/- |

| ക്രമ നം | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 37 |
| 2 | കൊല്ലം | 51 |
| 3 | പത്തനംതിട്ട | 16 |
| 4 | ആലപ്പുഴ | 30 |
| 5 | കോട്ടയം | 26 |
| 6 | ഇടുക്കി | 24 |
| 7 | എറണാകുളം | 12 |
| 8 | തൃശ്ശൂർ | 12 |
| 9 | പാലക്കാട് | 9 |
| 10 | മലപ്പുറം | 29 |
| 11 | കോഴിക്കോട് | 26 |
| 12 | വയനാട് | 29 |
| 13 | കണ്ണൂർ | 12 |
| 14 | കാസർഗോഡ് | 10 |
| | ആകെ | 323 |

സെക്ഷൻ ഓഫീസർ